പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.252 18/06/2019-ൽ മറുപടിക്ക്

**ദേശീയ വിദ്യാഭ്യാസ നയത്തിന്റെ കരട്**

| **ചോദ്യം** | **ഉത്തരം** |
| --- | --- |
| ശ്രീ. പ്രൊഫ.കെ.യു. അരുണൻ<br>ശ്രീ. റ്റി.വി. രാജേഷ്<br>ശ്രീ. സി.കെ. ഹരീന്ദ്രൻ<br>ശ്രീ. പി.ടി.എ. റഹീം: | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) പുതിയ ദേശീയ വിദ്യാഭ്യാസ നയത്തിന്റെ കരട് പരിശോധനയ്ക്ക് വിധേയമാക്കിയിരുന്നോ; കൺകറന്റ് ലിസ്റ്റിൽപ്പെട്ട വിഷയമായിട്ടും സംസ്ഥാനങ്ങളുമായി യാതൊരുവിധ ചർച്ചയും നടത്താതെ ഏകപക്ഷീയമായി തയ്യാറാക്കിയ കരട് സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ അഭിപ്രായം അറിയിക്കാൻ അനുവദിച്ചിട്ടുള്ള പരിമിതമായ സമയ പരിധിക്കുള്ളിൽ നയത്തിന്റെ ഗുണദോഷ വശങ്ങൾ പഠിച്ച് അഭിപ്രായം രൂപീകരിക്കാൻ വിദഗ്ദ്ധ സമിതി രൂപീകരിച്ചിട്ടുണ്ടോ; | (എ) ദേശീയ വിദ്യാഭ്യാസനയ കരട് രേഖ എസ്.സി.ഇ.ആർ.റ്റി പരിശോധിക്കുന്നതാണ്. |
| (ബി) സംസ്കൃത പഠനത്തിനും ഹിന്ദി പഠനത്തിനും നൽകിയിട്ടുള്ള അമിത ഊന്നലിനുപകരം മാതൃഭാഷകൾക്ക് പ്രാമുഖ്യം നൽകാൻ നിർദ്ദേശിക്കുന്നകാര്യം പഠന വിധേയമാക്കുമോ; | (ബി) പഠന വിധേയമാക്കുന്നതാണ്. |
| (സി) സ്വകാര്യ-പൊതു വിദ്യാലയങ്ങളെ തുല്യമായി പരിഗണിക്കണമെന്നും പാഠ്യക്രമം (കരിക്കുലം), അധ്യാപനരീതി എന്നിവയിൽ നിർദ്ദേശിച്ചിട്ടുള്ള സമൂല പരിഷ്കരണം, പാഠ്യപദ്ധതി ലഘൂകരണം തുടങ്ങിയ നിർദ്ദേശങ്ങളും പ്രത്യേകിച്ച് ഉള്ളടക്കം ലഘൂകരിക്കാനെന്ന വ്യാജേന നിലവിൽ നവോത്ഥാന വിപ്ലവങ്ങളെക്കുറിച്ചുള്ള പാഠഭാഗങ്ങൾ ഒഴിവാക്കിയതിന്റെ പശ്ചാത്തലത്തിൽ ഗൗരവമായ പരിശോധനയ്ക്ക് വിധേയമാക്കാൻ വേണ്ട സത്വര നടപടിയെടുക്കുമോ? | (സി) നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ